# ഒട്ടകപ്പാവ നിർദ്ദേശങ്ങൾ

ഒട്ടക സാഹസികതയുമായി ബന്ധപ്പെട്ട ഓരോ ദിവസത്തെയും വി.ബി.എസിൽ കാംലെറ്റും കാംലിയയുമയൊത്തുള്ള ഒരു പാവ കളി നിങ്ങൾക്കായി എഴുതിയിട്ടുണ്ട്. ഈ വി.ബി.എസ് നാളുകളിൽ ഈ ഒട്ടകങ്ങളെക്കുറിച്ച് അറിയുന്നതിൽ കുട്ടികൾ സന്തോഷം കണ്ടെത്തുന്നു. ഈ രണ്ടു പാവകളെ ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശങ്ങളും മാതൃകകളും നിങ്ങൾക്ക് നൽകുന്നതിൽ ഞങ്ങൾക്ക് ആവേശമുണ്ട്. വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിക്കാൻ നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്. ന്യായമായ വിലയ്ക്ക് നിങ്ങളുടെ നാട്ടിൽ കിട്ടുന്നവയിൽ നിന്ന് നിങ്ങൾക്ക് തിരഞ്ഞെടുക്കാം.

1. നിങ്ങൾക്ക് ആവശ്യമായ വസ്തുക്കൾ ശേഖരിക്കുക.
   - കത്രികകൾ
   - പെൻസിൽ (തുണിയിൽ മാതൃക രൂപപ്പെടുത്തിയെടുക്കാൻ)
   - പശ(പെട്ടെന്ന് തുണിയിൽ ഒട്ടുന്നത് – സിലിക്കോൺ അല്ലെങ്കിൽ 'ഹോട്ട് ഗ്ലൂ' ഉപയോഗിക്കാം)
   - സ്റ്റഫിംഗ് അല്ലെങ്കിൽ ബാറ്റിംഗ്, കളം കളമായി കോസടി നന്നായി തയ്ക്കാൻ ആവശ്യമായ അകശീല ½ മീറ്റർ.
   - കാർഡ് ബോർഡ് (വായ് ബലപ്പെടുത്തിയെടുക്കാൻ)
   - തുന്നുന്ന സൂചി (വലിയ സുഷിരമുള്ളത്)
   - ഭാരം കുറഞ്ഞ തയ്യൽ നൂൽ
   - ചെറിയ 'പോംപോൺസ് (കാറ്റ് നിറച്ച സാധനം)
   - 1 മീറ്റർ ഒട്ടക നിറമുള്ള കമ്പിളിത്തുണി.
   - ചെറിയ കഷണം ഇരുണ്ട നിറമുള്ള കമ്പിളി തുണി. (മൂക്കിനു വേണ്ടി കറുത്തതോ തവിട്ടു നിറമുള്ളതോ) മറ്റൊരു ചുവന്ന കമ്പിളിത്തുണി (വായ്ക്കുവേണ്ടി) വേണമെങ്കിൽ ചെവി ഉണ്ടാക്കാനായി പിങ്ക് കമ്പിളി കഷണവും കരുതാം.
2. പി.ഡി.എഫ് മാതൃകാ ഷീറ്റ് ഡൗൺ ലോഡ് ചെയ്യുക. 11x17 പേപ്പർ അല്ലെങ്കിൽ A3 പേപ്പർ ഉപയോഗിച്ച് വലിയ പേജിന്റെ രണ്ടു കോപ്പികൾ എടുക്കുക(അല്ലെങ്കിൽ ചെറിയ കടലാസുകളിൽ പ്രിന്റ് എടുത്ത് കെട്ടി വയ്ക്കുക). ചെറിയ പുറത്തിന്റെ ഒരു കോപ്പി അക്ഷരം അല്ലെങ്കിൽ A4 പേപ്പർ ഉപയോഗിച്ച് പ്രിന്റ് എടുക്കുക.
   - ഒട്ടകത്തലയുടെ മാതൃക
   - വായുടെ മാതൃക
   - മൂക്കിന്റെ മാതൃക
   - ചെവികളുടെ മാതൃക

ഒട്ടകപ്പാവ ഉണ്ടാക്കുന്നതിനാവശ്യമായ തുണി വാങ്ങുക. 'ഫെൽറ്റ്' (ഒരു തരം രോമക്കമ്പിളിത്തുണി) വാങ്ങാൻ ഞങ്ങൾ ശുപാർശ ചെയ്യുന്നു. കാരണം അത് ബലമുള്ളതും തേഞ്ഞു കീറിപ്പോകാത്തതുമാണ്. എന്നിരുന്നാലും, നിങ്ങളുടെ ദേശത്ത് ലഭിക്കുന്ന വിലക്കുറവുള്ള തുണി നിങ്ങൾ വാങ്ങിയാൽ മതിയാകും. നല്ല പരുക്കനായ, ബലമുള്ള തുണി വാങ്ങാനാണ് ഞങ്ങൾ നിർദ്ദേശിക്കുന്നത്.

ആവശ്യമായ തുണിയുടെ ഏകദേശ കണക്ക് താഴെ കൊടുക്കുന്നു. ആവശ്യത്തിനു തുണി വാങ്ങാൻ കഴിയുംവിധം കടയിൽ പോകുമ്പോൾ മാതൃക കൂടെ കൊണ്ട് പോകുന്നത് നല്ലതാണ്.

ഒട്ടകനിറം, ഇളം തവിട്ടുനിറം അല്ലെങ്കിൽ ചാര നിറം - 1 മീറ്റർ


ചുവപ്പ് 1/8 മീറ്റർ

തവിട്ട് അല്ലെങ്കിൽ കറുപ്പ് 1/8 മീറ്റർ (വേണമെങ്കിൽ അല്പം കുറയ്ക്കാം)


നൂൽ -മുടിക്കുവേണ്ടി തവിട്ടുനിറമുള്ള നൂൽ - ¼ കെട്ട്

1/3 കെട്ട് പലനിറത്തിലുള്ള 13 മില്ലി മീറ്റർ വലുപ്പമുള്ള പോംപോണുകൾ (പഫ് ബോളുകൾ)


## നിങ്ങളുടെ പാവയെ ഉണ്ടാക്കുന്ന വിധം



1. പാവയുടെ ശരീരഭാഗവും വായും ഉണ്ടാക്കാനായി തുണി മുറിച്ചെടുക്കുക.
   - രണ്ടു തുണിക്കഷണങ്ങൾ ശരീരഭാഗം ഉണ്ടാക്കാനായി മുറിച്ചെടുക്കുക.
   - വായ്ക്കുവേണ്ടി ഒരെണ്ണം എടുക്കുക.
2. തലയുടെ ഭാഗങ്ങളാകേണ്ട തുണിക്കഷണങ്ങൾ ഒരുമിച്ച് തുന്നുക. എന്നാൽ വായുടെ ഭാഗം തുറന്നിട്ടിരിക്കണം. നിങ്ങളുടെ കൈവയ്ക്കേണ്ട അടിഭാഗവും തുറന്നിട്ടിരിക്കണം.
3. വായുടെ മുകൾഭാഗത്തായി 2 തുണിക്കഷണങ്ങൾ ചേർത്ത് തുന്നുക. നേരെയുള്ള അരികുകൾ തുറന്നിട്ടിരിക്കണം. വായുടെ താഴെ ഭാഗത്തിനും ഇതുപോലെ ചെയ്യുക. അരികിലെ തുറന്ന ഭാഗത്തിൽ ചെറിയ നേരിയ നേരെയുള്ള അരികുകൾ തലയോട് ചേർത്ത് തയ്ക്കുക.



4. തുണി അകത്തുനിന്നും പുറത്തേക്കിട്ട്, വായുടെ ഭാഗങ്ങൾ തുറന്നുവയ്ക്കുക. ചുവന്ന കമ്പിളിത്തുണികൊണ്ടുള്ള വായ് തുറന്ന ഭാഗത്തേക്ക് 'പിൻ' ചെയ്യുക. ചുവന്ന നിറത്തിലുള്ള വായ് രണ്ടായി മടക്കുക. നന്നായി തുറക്കാൻ കഴിയുംവിധം വായുടെ വക്കുകൾ ചേർക്കുന്ന ഭാഗം ചേർന്നുവരും വിധമാകണമത്. തലയോടുചേർത്ത് സൂക്ഷമതയോടെ ചുവന്ന നിറമുള്ള വായ്ക്കു ചുറ്റും തുന്നുക.
5. എല്ലാ തുന്നലുകളും അകത്താകത്തക്കവണ്ണം തല വലത്തു വശത്തേക്ക് തിരിക്കുക. വായുടെ അകഭാഗം ഉണ്ടാക്കാനായി കാർഡ്ബോർഡ് ബോക്സുകൾ മുറിയ്ക്കുക. ചുളിവുകളും മടക്കുകളും ഉള്ള കാർഡ്ബോർഡ് ആണ് ഉപയോഗിക്കുന്നതെങ്കിൽ, പെട്ടെന്ന് വളയുന്ന മടക്കുവരുന്ന വരകളിൽ വീതിയുള്ള മാതൃക വരാത്തവിധം വയ്ക്കുക. പകുതി വച്ച് അതു മുറിയ്ക്കുക. 2 സെ.മി, വിടവ് ഇട്ട് മുകൾ മുതൽ താഴെ വരെ നാടകൊണ്ട് കൂട്ടിക്കെട്ടുക.
6. രണ്ടുകഷണം ഫില്ലർ(തലയിണ നിറയ്ക്കുന്ന പദാർത്ഥം) രണ്ടു കഷണങ്ങൾ മുറിക്കുക. ഏകദേശം വായുടെ നീളത്തിൽ വേണം മുറിക്കേണ്ടത്. ഒരു മരത്തടിയിലേക്ക് കയറ്റിവയ്ക്കാൻ കഴിയുംവിധം വീതിയുള്ളതായിരിക്കണമത്. മൂക്കിന്റെ മുകൾ ഭാഗവും താഴെ ഭാഗവും ഓരോ ഫില്ലർ കഷണങ്ങൾ കൊണ്ട് നിറച്ചു വയ്ക്കുക. അത് മൂക്ക് ഉറപ്പുള്ളതാക്കാൻ ആവശ്യത്തോളം ഉപയോഗിക്കുക. പാവയെ പ്രവർത്തിക്കുമ്പോൾ നിങ്ങളുടെ കൈ കാർഡ്ബോർഡ് കഷണങ്ങളെ സ്പർശിക്കുന്ന വിധത്തിലാകണം. തലയ്ക്കായി, മറ്റൊരു വലിയ കഷണം ഫില്ലർ കൊണ്ട് ആവർത്തിക്കുക. മുഖത്തേക്കും കഴുത്തിന്റെ ഭാഗത്തേക്ക് വരാനും അനുവദിക്കുക. പാവയെ ചലിപ്പിച്ച് പ്രവർത്തിപ്പിക്കുമ്പോൾ കഴുത്തിന്റെ മുൻഭാഗത്തും വായുടെ ആദ്യഭാഗത്തും ആയിരിക്കേണം നിങ്ങളുടെ കൈ ഇരിക്കേണ്ടത്.
7. കുറച്ചു മീറ്റർ തയ്യൽ നൂൽ നിങ്ങളുടെ കൈയ്ക്കു ചുറ്റുമായി കെട്ടുക. അത് എളുപ്പത്തിൽ മാറ്റാവുന്നവിധം വിരലുകൾ പരത്തിവേണം അതു ചെയ്യേണ്ടത്. മധ്യഭാഗത്തായി ഇത് കെട്ടിയിട്ട് ഒരു രോമക്കൂട്ടം ഉണ്ടാക്കുംവിധം വലയത്തിൽ പരത്തുക. എന്നിട്ട് തലയുടെ മുകളിൽ സിലിക്കോൺ പശകൊണ്ട് ഇത് യോജിപ്പിക്കുക.
8. കാംലെറ്റിന്റെ കാര്യത്തിന് ഉപയോഗിച്ചതുപോലെ, കൺപോള ആവശ്യമെങ്കിൽ, ഒട്ടകനിറമുള്ള രോമക്കമ്പിളിമേൽ കടലാസു മാതൃകയിൽ വച്ച്, മുറിച്ചെടുക്കുക. ആദ്യമായി മുഖത്ത് കണ്ണുകൾ ഒട്ടിക്കുക. പിന്നീട് അവയ്ക്കുമീതെ നിങ്ങളുടെ വിരലുകൾകൊണ്ട് കൺപോളകൾ ഒട്ടിക്കുക. പശപരന്നൊഴുകാതിരിക്കാനായി മധ്യഭാഗം അല്പം ഉയർന്നിരിക്കാനാണിത്. കാംലിയയെ ഉണ്ടാക്കുമ്പോൾ വിലകൊടുത്തു വാങ്ങിയ കൺപീലികളോ അല്ലെങ്കിൽ ഇരുണ്ട നിറമുള്ള രോമക്കമ്പിളിയിൽ നിന്ന് മുറിച്ചെടുത്തതോ യോജിപ്പിക്കുക.
9. നൽകിയിരിക്കുന്ന മാതൃക പിന്തുടർന്ന് ഉണ്ടാക്കുന്ന വലിയ ചെവികളോ അല്ലെങ്കിൽ 'ട്രീം' ചെയ്തെടുത്ത് ചെറുതാക്കിയതോ ആകാം. നാം കാംലിയയുടേതിനു ചെയ്തതുപോലെ പിങ്കും വേണമെങ്കിൽ



ഉപയോഗിക്കാം. ഒട്ടക നിറമുള്ള കമ്പിളികൊണ്ടുള്ള ചെവിക്കു മുകളിലായി പിങ്ക് നിറമുള്ള രോമ കമ്പിളിത്തുണി ചേർത്തു വച്ചിട്ട് കൂടുതൽ ബലവും പൂർണ്ണതയും നൽകാൻ ചെവിക്കു പുറത്ത് ഒരു തുണിവക്ക് നാം ഒട്ടിച്ചെടുക്കുന്നു. തലയോടു ചേർന്ന് എവിടെയാണ് ചെവികൾ ഒട്ടിക്കേണ്ടതെന്ന് തീരുമാനിക്കുക. പരന്നതുവേണോ അല്പം മേല്പ്പോട്ട് വച്ചതു വേണോ അല്പം ചുരുണ്ടത് വേണോ എന്ന് നിങ്ങളുടെ ഇഷ്ടം പോലെ തീരുമാനിക്കാം. പെട്ടെന്ന് ഒട്ടിപ്പിടിക്കാൻ ചൂടുള്ള പശ ഉപയോഗിക്കാം.

10. കറുത്ത രോമക്കമ്പിളിയിൽ നിന്ന് മൂക്കിന്റെ മാതൃക മുറിച്ചെടുത്ത് മൂക്ക് ഉണ്ടാക്കാം. അവ രണ്ടും അവളുടെ മുഖത്ത് ഒട്ടിക്കാം. കാംലെറ്റിന്റെ മൂക്കിന്, കറുത്ത 'നാസാരന്ധ്രങ്ങളെ' പൊതിഞ്ഞ് രണ്ടാമതൊരു മൂക്കും കൂടെ ചേർത്ത് വച്ചാൽ നല്ല എടുപ്പ് കിട്ടും. പാവയ്ക്ക് വലിയ മൂക്കുള്ളതായി നമുക്ക് തോന്നും.
11. 'എംബ്രോയിഡറി' നൂൽ സൂചിയിൽ കോർത്ത് അല്പം അകലം ഇട്ട് 'പോംപോണുകൾ' അവയുടെ മേൽ തുന്നിച്ചേർത്ത് കാംലിയയുടെ പടച്ചമയങ്ങളും അലങ്കാരങ്ങളും ഉണ്ടാക്കാം, നിങ്ങൾക്ക് സന്തോഷം തരുന്നവിധം ആകർഷണമാക്കി, തത്സ്ഥാനങ്ങളിൽ പശകൊണ്ട് ഒട്ടിക്കുക. ചുരുണ്ട നാട കൊണ്ട് ഇത് തന്നെ കാംലറ്റിനും ചെയ്യാം. ചുരുണ്ട റിബൺ നാലു വിരലുകൾക്കു ചുറ്റും ചുറ്റി ഒരു അറ്റം പലപാവശ്യം മുറുക്കി ചുറ്റിയെടുത്ത് തൊങ്ങൽ ഉണ്ടാക്കാം. എതിരെയുള്ള അവസാനഭാഗം മുറിച്ചെടുത്ത് വർണ്ണ ശബളമായ തൊങ്ങലുണ്ടാക്കാം. അവന്റെ മൂക്കിന്റെ ചുറ്റുമായി പൊതിയുന്ന ചുരണ്ട റിബൺ കൊണ്ട് രൂപം കൊടുത്തിരിക്കുന്ന പടച്ചമയവുമായി ഒട്ടിക്കുക.
12. കൂടുതൽ രസകരമാക്കാൻ നിങ്ങളുടെ പാവയ്ക്ക് യോജിച്ച ഒരു ശബ്ദം കൊടുക്കുക.